**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3515** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഷൊർണ്ണൂർ മണ്ഡലത്തിൽ വകുപ്പ് മുഖാന്തിരം എന്തെല്ലാം പ്രവൃത്തികളാണ് നാളിതുവരെ നടപ്പിലാക്കിയതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഷൊർണ്ണൂർ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.എൽ.ഡി.സി വഴി താഴെ പറയുന്ന 2 പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>1. നബാർഡ് ആർ.ഐ.ഡി.എഫ് XXV ൽ ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട് ജില്ലയിലെ 4 കുളങ്ങളുടെ നവീകരണം എന്ന പദ്ധതിയിൽ ഒറ്റപ്പാലം താലൂക്കിലെ വെള്ളിനേഴി ഗ്രാമ പഞ്ചായത്തിലെ ഉത്രാതിക്കാവ് കുളം - പ്രവൃത്തി പൂർത്തീകരിച്ചു.<br><br>2. നബാർഡ് ആർ.ഐ.ഡി.എഫ് XXV ൽ ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട് ജില്ലയിലെ 4 കുളങ്ങളുടെ നവീകരണം എന്ന പദ്ധതി - സേവിംഗ് പദ്ധതി - ഒറ്റപ്പാലം താലൂക്കിലെ വെള്ളിനേഴി ഗ്രാമ പഞ്ചായത്തിലെ ഉത്രാതിക്കാവ് കുളം - അധിക പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് എത്ര തവണ അവലോകനങ്ങൾ നടത്തുകയുണ്ടായെന്ന് അറിയിക്കാമോ? | (ബി) | ഓഫീസ് തലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനു പുറമേ നബാർഡിന്റെ നേതൃത്വത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മാസം തോറും അവലോകനങ്ങൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ